# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2142** **07.03.2017-ൽ മറുപടിക്ക്**

## കേന്ദ്രീകൃത പേഷ്യന്റ് മാനേജ്മെന്റ് സിസ്റ്റം

**ചോദ്യം** **മറുപടി**

**ശ്രീ.എ.എം. ആരിഫ്** **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ആശുപത്രികളിൽ കേന്ദ്രീകൃത പേഷ്യന്റ് മാനേജ്മെന്റ് സിസ്റ്റമോ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ സിസ്റ്റമോ നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | എ) | പ്രസ്തുത ലക്ഷ്യത്തിലേക്ക് എത്തുന്നതിനുവേണ്ടി സംസ്ഥാനത്ത് ഇ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി പ്രാവർത്തികമാകുന്നതോടെ സർക്കാർ ആശുപത്രികളിൽ കേന്ദ്രീകൃത പേഷ്യന്റ് മാനേജ്മെന്റ് സിസ്റ്റവും ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ സിസ്റ്റവും നിലവിൽ വരുന്നതാണ്. |
| ബി) | ഇതുവഴി ഒരു രോഗി സംസ്ഥാനത്തെ ഏത് ആശുപത്രിയിൽ പോയാലും അയാളുടെ പേഷ്യന്റ് ഐ.ഡി. നൽകുമ്പോൾ ആ രോഗിയുടെ മുഴുവൻ വ്യക്തി വിവരങ്ങളും മുമ്പത്തെ രോഗ വിവരങ്ങളും കൂടി അതിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ബി) | ഈ ഹെൽത്ത് പദ്ധതി പ്രാവർത്തികമാകുന്നതോടെ രോഗി സംസ്ഥാനത്തെ ഏത് സർക്കാർ അലോപ്പതി ആശുപത്രിയിൽ പോയാലും പേഷ്യന്റ് ഐ.ഡി നൽകുന്നതിലൂടെ ആ രോഗിയുടെ മുഴുവൻ വ്യക്തി വിവരങ്ങളും മുമ്പത്തെ രോഗ വിവരങ്ങളും ലഭ്യമാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**